**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2166** **06-07-2022 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യശാലകളിൽ വിതരണം ചെയ്യുന്ന ഭക്ഷണപദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പല ഭക്ഷ്യശാലകളിലും പാചകത്തിന് ഗുണമേന്മയില്ലാത്ത എണ്ണ ഉപയോഗിച്ച് വരുന്നതായും, ഇവ തന്നെ ആവർത്തിച്ച് ഉപയോഗിക്കുന്നതായും പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ഭക്ഷ്യശാലകളിൽ പാചകത്തിനായി ഉപയോഗിക്കുന്ന പാചക എണ്ണയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി മാത്രം സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് പരിശോധനകൾ നടത്തിയിട്ടുണ്ട്. ഇത്തരം എണ്ണയുടെ ഉൽപാദനവുമായി ബന്ധപ്പെട്ട് അസംസ്കൃത വസ്തുക്കൾ മുതൽ ഭക്ഷ്യ എണ്ണ ഉൽപാദനം, സംഭരണം, വിതരണം, വിപണനം തുടങ്ങി എല്ലാ മേഖലകളിലും ഭക്ഷ്യസുരക്ഷാ വകുപ്പ് നിരന്തര പരിശോധനകൾ നടത്തി വരുന്നുണ്ട്.<br><br>പാകം ചെയ്ത ഭക്ഷ്യ എണ്ണ വീണ്ടും ഭക്ഷണ ആവശ്യത്തിനായി ഉപയോഗിക്കുന്നത് തടയുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി (FSSAI) ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് RUCO (Repurpose Used Cooking Oil). ഉപയോഗിച്ച എണ്ണ എങ്ങനെ സുരക്ഷിതമായി കൈകാര്യം ചെയ്യാം എന്നതിനെ സംബന്ധിച്ച് **2018** ൽ FSSAI മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് കേരളത്തിൽ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. അപ്രകാരം FSSAI എംപാനൽ ചെയ്തിട്ടുള്ള അംഗീകൃത ഏജൻസികളാണ് **(used oil collection agents)** ഇത്തരം എണ്ണ കച്ചവടക്കാരിൽ നിന്നും ശേഖരിച്ച് Bio Diesel ആക്കി മാറ്റുന്നതിനായി **Bio diesel manufactures** ന് കൈമാറുന്നത്. ഇതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഭക്ഷ്യ സംരംഭകർക്ക് നൽകുകയും ആയത് ഭക്ഷ്യ സുരക്ഷാ പരിശോധനകളിൽ ഉറപ്പുവരുത്തുകയും ചെയ്ത് വരുന്നു. |
| (ബി) | മായം ചേർത്ത ഭക്ഷണവും ഗുണമേന്മയില്ലാത്ത ഭക്ഷണവും വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷം എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തത്; പ്രസ്തുത നടപടികൾ ഇവ തടയാൻ സഹായകരമാണോ; വിശദമാക്കാമോ? | (ബി) | ഗുണനിലവാരമില്ലാത്ത ഭക്ഷണ പദാർത്ഥങ്ങൾ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷം (2021 മെയ് മുതൽ നാളിതുവരെ) 648 അഡ്ജ്യൂഡിക്കേഷൻ കേസുകളും 394 പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ജില്ല | അഡ്ജ്യൂഡിക്കേഷൻ കേസുകൾ | പ്രോസിക്യൂഷൻ കേസുകൾ |
|---|---|---|
| തിരുവനന്തപുരം | 39 | 19 |
| കൊല്ലം | 62 | 35 |
| പത്തനംതിട്ട | 32 | 19 |
| ആലപ്പുഴ | 49 | 28 |
| കോട്ടയം | 63 | 23 |
| ഇടുക്കി | 20 | 0 |
| എറണാകുളം | 85 | 49 |
| തൃശ്ശൂർ | 41 | 29 |

| | | |
|---|---|---|
| പാലക്കാട് | 45 | 24 |
| മലപ്പുറം | 48 | 33 |
| കോഴിക്കോട് | 108 | 97 |
| വയനാട് | 18 | 17 |
| കണ്ണൂർ | 20 | 0 |
| കാസർഗോഡ് | 18 | 21 |

പ്രസ്തുത നടപടികൾ മുഖേന ഭക്ഷ്യ വസ്തുകളുടെ ഗുണനിലവാരം ഒരു പരിധി വരെ ഉറപ്പുവരുത്താൻ സാധിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ